D 94937 (Pages : 2) Name.....................................

Reg. No.....................................

# FIRST SEMESTER B.VOC. DEGREE EXAMINATION, NOVEMBER 2020

Malayalam

GEC 1ML 02—MALAYALA BHASHAYUM SAHITHYAVUM – I

Time : Two Hours and a Half Maximum : 80 Marks

## Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

1 "ആളുകൾ കണ്ടുകണ്ടാണു സാർ
കടലുകൾ ഇത്രയും വലുതായത്,
പുഴകൾ ഇതിഹാസങ്ങളായത് ?"
—ആശയമെന്ത് ?

2 'സ്വിഹിലി' എന്താണ് ? അതിന്റെ അർത്ഥമെന്ത് ?

3 "ആകാതെയായി കഠിനം പണിയൊന്നുമമ്മ
പോകാറുമായി, മകളേ, തുണയാരുനാളെ"
—ആരാണ് ഇങ്ങനെ വിലപിക്കുന്നത് ? സന്ദർഭമെന്ത് ?

4 സ്ത്രീസ്വാതന്ത്ര്യം പ്രമേയമായ രണ്ടു കവിതകളുടെ പേരെഴുതുക. ആരുടെ രചനയാണ് ?

5 'ബുദ്ധനും ഞാനും നരിയും' നൽകുന്ന സന്ദേശം എന്ത് ?

6 സിയാറ്റിൽ മൂപ്പൻ ആരായിരുന്നു ?

7 'മീര പാടുന്നു' എന്ന കവിതയുടെ പ്രമേയമെന്ത് ?

8 കണ്ടൽക്കാടുകൾ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ?

9 'ചുവന്ന മനുഷ്യൻ', 'വെളുത്ത മനുഷ്യൻ' എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നത് ആരാണ് ? ആരെക്കുറിച്ചാണ് ?

10 "അവിടെയെന്നുൾക്കണ്ണാൽക്കാണുന്നു ഞാനേറെ-
വിവശിതമാമെൻ കുടുംബചിത്രം"
—സന്ദർഭമെന്ത് ?

11 'ഭാവിയിൽ എങ്ങനെ അറിയപ്പെടണമെന്ന് ആരെങ്കിലും ചോദിച്ചാൽ എന്റെ ഉത്തരം വളരെ ലളിതമാണ്.' എന്താണ് ഉത്തരം ? ആരുടേതാണീ വാക്കുകൾ ?

12 'കുപ്പമ്മ'യുടെ രൂപം എങ്ങനെയായിരുന്നു ?

Turn over

291068



13 'ആരും കേട്ടില്ല. അത്ര പതുക്കെയാണ് മുത്തച്ഛൻ പേരു വിളിച്ചത്.' കാരണമെന്ത് ? പേര് എന്തായിരുന്നു ?

14 ഏതെങ്കിലും നാലു യാത്രാവിവരണ ഗ്രന്ഥങ്ങളുടെ പേരെഴുതുക.

15 കലയുടെ സൂക്ഷ്മമായ സ്രോതസ്സ് എന്താണ് ?

(Maximum marks : 25)

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

16 "വീണ്ടും കാണുക എന്നൊന്നുണ്ടാവില്ല. നീ മരിച്ചതായി ഞാനും ഞാൻ മരിച്ചതായി നീയും കണക്കാക്കുക. ചുംബിച്ച ചുണ്ടുകൾക്ക് വിട തരിക". സന്ദർഭം വിശദമാക്കുക.

17 'സരളയും' 'കുപ്പമ്മയും' സാമൂഹിക ജീവിതത്തിലെ സ്ത്രീയവസ്ഥകളുടെ രണ്ട് പ്രതിനിധാനങ്ങളാണ്. ചർച്ച ചെയ്യുക.

18 സ്ത്രീവിമോചന സങ്കൽപ്പങ്ങളെ 'മീര പാടുന്നു' എന്ന കവിതയിലൂടെ സച്ചിദാനന്ദൻ വ്യക്തമാക്കുന്നതെങ്ങനെ ?

19 'ബൈറ'യെക്കുറിച്ച് വിവരിക്കുക.

20 "ചരിതാർത്ഥനായ് ധ്യാനനിരതനായ് വാഴ്കയാ-

മിരുപതു നൂറ്റാണ്ടായ് മുനിയിവിടെ"

–സൂചിതമെന്ത് ?

21 മാധ്യമസംസ്കാരം മലീമസമാക്കിയ പൊതു ബോധത്തിന്റെ കാപട്യങ്ങളാണ് 'പല പോസിലുള്ള ഫോട്ടോ'കളിൽ തെളിയുന്നത്. പരിശോധിക്കുക.

22 'ജീവിക്കലിന്റെ അന്ത്യം. അതിജീവിതത്തിന്റെ തുടക്കം'. പാരിസ്ഥിതിക ആശങ്കകൾക്കുമേൽ ഈ വാക്കുകൾ നിറയ്ക്കുന്ന അർത്ഥസാധ്യതകൾ എന്ത് ?

23 'വേണ്ടാംകടി' എന്ന കഥയിലെ 'മുത്തച്ഛനെ' കോവിലൻ അവതരിപ്പിക്കുന്നതെങ്ങനെ ?

(Maximum marks : 35)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 സിയാറ്റിൽ മൂപ്പൻ പങ്കുവച്ച ആഗോള പാരിസ്ഥിതിക ആശങ്കകൾ വിവരിക്കുക.

25 'കാപ്പിരികളുടെ നാട്ടിൽ' എന്ന യാത്രാവിവരണത്തിന് ഒരാസ്വാദനം തയ്യാറാക്കുക.

26 കെ.ജി.എസ്സിന്റെ 'പല പോസിലുള്ള ഫോട്ടോകൾ' എന്ന കവിത സമകാല സാമൂഹികാവസ്ഥയുടെ അന്തഃസ്സാര ശൂന്യതയുടെയും പ്രകടനപരതയുടെയും നേർകാഴ്ചകൾ ചിത്രീകരിക്കുന്നു. വിലയിരുത്തുക.

27 പാർശ്വവൽക്കരിക്കപ്പെട്ടു പോകുന്ന സ്ത്രീസ്വത്വത്തെ ബഹുതലസ്പർശിയായി ആവിഷ്ക്കരിക്കുവാൻ 'ഒത്തുതീർപ്പുകൾ' എന്ന കഥയിലൂടെ അഷിതയ്ക്ക് സാധിച്ചിട്ടുണ്ട്. പരിശോധിക്കുക.

(2 × 10 = 20 marks)

291068